## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1656

17.06.2013-ൽ മറുപടിയ്ക്ക്

### 'പൈക' പ്രകാരമുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം.എം.ആരിഫ് | | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) അരൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് 'പൈക' പ്രകാരമുള്ള പദ്ധതികൾക്ക് തെരഞ്ഞെടുത്തിട്ടുള്ളത് എന്നറിയിക്കുമോ ; | (എ) | അരൂർ നിയോജകമണ്ഡലത്തിൽ കുത്തിയതോട് ഗ്രാമപഞ്ചായത്ത് മാത്രമാണ് ഇപ്പോൾ പൈക്കയിൽ ഗുണഭോക്താവായിട്ടുള്ളത്. ഇതിനു പുറമെ പ്രസ്തുത നിയോജക മണ്ഡലത്തിൽ നിന്നും തൈക്കാട്ടുശ്ശേരി, ചേന്നം പള്ളിപ്പുറം, പാണാവള്ളി എന്നീ ഗ്രാമപഞ്ചായത്തുകളേയും, തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിനേയും പൈക്കയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്രയുവജനകാര്യ കായികമന്ത്രാലയത്തിനോട് ശുപാർശ ചെയ്തിട്ടുണ്ട്. |
| (ബി) 'പൈക' പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങളാണ് നിർവ്വഹിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി | ഗ്രാമപ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കളിസ്ഥലങ്ങളുടെ അപര്യാപ്തത പരിഹരിച്ച് കൂടുതൽ ജനങ്ങളെ സ്പോർട്സിൽ ആകൃഷ്ടരാക്കി രാജ്യത്തിൽ ഒരു പുതിയ കായിക സംസ്കാരം വളർത്തിയെടുക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി 2008-09-ൽ ആരംഭിച്ച പദ്ധതിയാണ് **"പഞ്ചായത്ത് യുവ ക്രീഡ ഓർ ഖേൽ അഭിയാൻ"** "അഥവാ "പൈക്ക" പദ്ധതി. |
| (സി) 'പൈക' പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ സ്പോർട്സ് വകുപ്പോ, സ്പോർട്സ് കൗൺസിലോ എന്തെങ്കിലും ധനസഹായം അനുവദിക്കുമോ ; | (സി) | പൈക്ക പദ്ധതി പ്രകാരം പഞ്ചായത്തുകൾക്ക് ലഭിക്കാവുന്ന ധനസഹായം സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) 'പൈക', സ്പോർട്സ് വകുപ്പ്, സ്പോർട്സ് കൗൺസിൽ എന്നിവയെ ബന്ധിപ്പിച്ച് അരൂർ നിയോജക മണ്ഡലത്തിലെ വിദ്യാലയങ്ങളേയും, പഞ്ചായത്തുകളേയും ഉൾപ്പെടുത്തി ഒരു പ്രോജക്ട് തയ്യാറാക്കുന്നതിന് ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുമോ ? | (ഡി) | പൈക്ക നടത്തിപ്പ് സംബന്ധിച്ച് കേന്ദ്രയുവജനകാര്യ കായികമന്ത്രാലയം നിർദ്ദേശിച്ചിട്ടുള്ള നിലവിലുള്ള മാർഗ്ഗരേഖ പ്രകാരം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് താല്പര്യം പ്രകടിപ്പിച്ചുകൊണ്ട് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ പാസ്സാക്കുന്ന റസല്യൂഷൻ സഹിതം നിർദ്ദിഷ്ട അപേക്ഷയിൽ നിശ്ചിത സമയത്ത് സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ അടിസ്ഥാനമാക്കി കേന്ദ്രയുവജനകാര്യ കായിക |

മന്ത്രാലയത്തിന്റെ അനുമതിയോടെയാണ് പൈക്കയിൽ ഉൾപ്പെടുത്തുന്നത്. ഈ സാഹചര്യത്തിൽ പൈക്ക പ്രകാരം പ്രോജക്ട് തയ്യാറാക്കാൻ ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുന്നതിന് സാധിക്കുകയില്ല.

സെക്ഷൻ ഓഫീസർ

## അനുബന്ധം

പൈക്ക
പദ്ധതിയുടെ ഗുണഭോക്താക്കളാകുന്ന ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനും, കായിക പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനും അത്തരം കേന്ദ്രങ്ങളിലേയ്ക്ക് കായിക ഉപകരണങ്ങൾ ആർജ്ജിക്കുന്നതിനും നിശ്ചിത മാനദണ്ഡങ്ങൾക്ക് അനുസൃതമായി താഴെ പറയുന്ന കേന്ദ്ര/സംസ്ഥാന ഗ്രാന്റുകൾ ലഭിക്കാൻ അർഹതയുണ്ട്.

5. <u>പൈക്ക ഗുണഭോക്താക്കളാകുന്ന ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് അർഹമായ വിവിധ ഗ്രാന്റുകൾ</u>

5.1. <u>ഒറ്റത്തവണ പ്രാരംഭ മൂലധന ഗ്രാന്റ് (One Time Seed Capital Grant)</u>:

5.1.1 കായിക പരിശീലനത്തിനും മൽസരങ്ങൾ സംഘടിപ്പിക്കുന്നതിനും ഉപയുക്തമായ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ (കളിക്കളങ്ങൾ, നീന്തൽ കുളങ്ങൾ) നിർമ്മിക്കുന്നതിനും നിലവിലുള്ളവ വികസിപ്പിക്കുന്നതിനുമുള്ളതാണ് ഈ ഗ്രാന്റ്. ഇത് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ 75:25 എന്ന അനുപാതത്തിൽ സംയുക്തമായിട്ടാണ് വഹിക്കുന്നത്.

5.1.2 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഈയിനത്തിൽ ഒരു പോലെ അഞ്ച് ലക്ഷം രൂപ വീതമാണ് ലഭിക്കുക. എന്നാൽ ഗ്രാമ പഞ്ചായത്തുകളുടെ അർഹത അവയുടെ ജനസംഖ്യാനുപാതികമായി 4600 പേർക്ക് ഒരു ലക്ഷം രൂപ എന്ന തോതിലാണ് തിട്ടപ്പെടുത്തുക. (4600 എന്നത് ഗ്രാമീണ ജനസംഖ്യയുടെ ദേശീയ ശരാശരിയാണ്.)

5.2. <u>ആന്വൽ അക്വിസിഷൻ ഗ്രാന്റ് (Annual Acquisition Grant)</u>:

5.2.1 ഈ പദ്ധതി പ്രകാരം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ സ്ഥാപിക്കുന്ന കായിക പരിശീലന കേന്ദ്രങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ളതാണ് ഈ ഗ്രാന്റ്. പദ്ധതി നടപ്പാക്കി ആദ്യ അഞ്ചു വർഷം മാത്രം ലഭിക്കുന്ന 100 % കേന്ദ്ര ധനസഹായമാണിത്. സാധാരണ നിരക്കിൽ ഗ്രാമ പഞ്ചായത്തിന് പ്രതിവർഷം പതിനായിരം രൂപ വീതവും ബ്ലോക്ക് പഞ്ചായത്തിന് പ്രതിവർഷം ഇരുപതിനായിരം രൂപ വീതവുമാണ് ഈയിനത്തിൽ ലഭിക്കുക.

5.3. <u>ആന്വൽ ഓപ്പറേഷണൽ ഗ്രാന്റ് (Annual Operational Grant)</u>:

5.3.1 പൈക്ക കായിക പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനും അതിന്റെ ചുമതലക്കാരനായ സ്പോർട്സ് കോ-ഓർഡിനേറ്റർമാർക്ക് നൽകുന്ന ഹോണറേറിയത്തിനും മറ്റും ഉദ്ദേശിച്ചുള്ള നൂറ് ശതമാനം കേന്ദ്ര സഹായമാണിത്.

ഇതും പദ്ധതി നടപ്പാക്കി ആദ്യ 5 വർഷം **മാത്രമേ** ലഭിയ്ക്കുകയുള്ളൂ. സാധാരണ നിരക്കിൽ ഗ്രാമ പഞ്ചായത്തിന് പ്രതിവർഷം **പതിനായിരം** രൂപ വീതവും ബ്ലോക്ക് പഞ്ചായത്തിന് പ്രതിവർഷം ഇരുപത്തിനാലായിരം രൂപ വീതവുമാണ് ഈയിനത്തിൽ ലഭിക്കുക.

*5.3.2 എന്നാൽ പതിനായിരമോ അതിലധികമോ ജനസംഖ്യയുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് ആന്വൽ അക്വിസിഷൻ ഗ്രാന്റും, ആന്വൽ ഓപ്പറേഷണൽ ഗ്രാന്റും സാധാരണ നിരക്കിന്റെ ഇരട്ടി വീതം അതായത് യഥാക്രമം ഇരുപതിനായിരം രൂപ വീതവും ഇരുപത്തിനാലായിരം രൂപാ വീതവും പ്രതിവർഷം ലഭിക്കാൻ അർഹതയുണ്ട്.*

5.4. **കോമ്പറ്റീഷൻ ഗ്രാന്റ് (Competition Grant):-**

5.4.1 മേൽ പറഞ്ഞതു കൂടാതെ എല്ലാ വർഷവും ബ്ലോക്ക്/ജില്ല/സംസ്ഥാനതല കായിക മൽസരങ്ങൾ സംഘടിപ്പിക്കുന്നതിന് നിശ്ചിത മാനദണ്ഡങ്ങൾക്കനുസൃതമായി 100 ശതമാനം കേന്ദ്ര സഹായമായി ആന്വൽ കോമ്പറ്റീഷൻ ഗ്രാന്റും ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ